(ബി) സംസ്ഥാനത്താകെ 18.42 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരമായി നൽകുവാൻ 4.81 കോടി രൂപ വേണ്ടിവരും. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

(സി) പാലക്കാട് ജില്ല (ഇവിടെ 3.01 കോടി രൂപയുടെ കൃഷി നാശമുണ്ടായിട്ടുണ്ട്).

(ഡി) നഷ്ടപരിഹാരം നൽകുവാനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നു.

കാർഷിക വില നിർണ്ണയ ബോർഡ്

12 (*222)ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ്ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവിലയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് മാത്രം ലഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) കാർഷിക വില നിർണ്ണയബോർഡിൽനിന്നും പുറപ്പെടുവിച്ച നിർദ്ദേശം അനുബന്ധമായി† ചേർത്തിരിക്കുന്നു.

ഭക്ഷ്യ സബ്സിഡിക്കായി നീക്കിവച്ച തുക

13 (*223)ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2000 കാലയളവിൽ ഭക്ഷ്യ സബ്സിഡിക്കായി സർക്കാർ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(ബി) 2000-2001 സാമ്പത്തികവർഷത്തേക്ക് ഭക്ഷ്യ സബ്സിഡിക്കായി നടപ്പു ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) ഈ തുക പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

---

† അനുബന്ധം - II

† അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

(28.6.2000-ലെ ചോദ്യം 12 (*222)-ന്റെ ഉത്തരം ദയവായി കാണുക)

1995-ലെ സർക്കാർ ഉത്തരവ് (നം:(എം.എസ്) 181/95/എ.ഡി. തീയതി 5.7.1995)-ലെ നിബന്ധനകൾക്ക് വിധേയമായിട്ടുമാത്രമേ ഇനി മേൽ സർക്കാർ താങ്ങുവില പദ്ധതി പ്രകാരം കൊപ്ര സംഭരണം നടത്തുവാൻപാടുള്ളൂ. താങ്ങുവിലയുടെ പ്രയോജനം യഥാർത്ഥ കേര കർഷകർക്ക് ലഭിക്കത്തക്കവിധം മാത്രമേ കൊപ്ര സംഭരണം നടത്തുവാൻ പാടുള്ളൂവെന്ന തീരുമാനമനുസരിച്ച് നിർദ്ദിഷ്ട പഞ്ചായത്തിലെ കൃഷി ഭവനിലെ കൃഷി ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് അനുസരിച്ച് മാത്രമേ കൊപ്ര സംഭരണം നടത്തുവാൻ പാടുള്ളൂ. കൃഷിഭവനിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റിൽ കർഷകന്റെ പൂർണ്ണമായ പേര്, മേൽവിലാസം കൃഷിയിടത്തിന്റെ വിസ്തൃതി, കായ്ഫലമുള്ള തെങ്ങിന്റെ എണ്ണം, വിളവെടുത്ത തീയതി, നാളികേരത്തിന്റെ എണ്ണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. മേൽവിവരങ്ങൾ സംഭരിക്കുന്ന സഹകരണസംഘത്തിലെ രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റിനു വേണ്ടി കൃഷിഭവനിൽ എത്തുന്ന കർഷകന് അന്നുതന്നെ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

യഥാസമയങ്ങളിൽ കൊപ്ര സംഭരണ സൊസൈറ്റികൾ സന്ദർശിച്ച് കൊപ്ര സംഭരണത്തിന്റെ യാഥാർത്ഥ്യത പരിശോധിക്കുവാൻ ബന്ധപ്പെട്ട കൃഷി ഓഫീസർമാർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

മേലിൽ വ്യക്തമായ ഒരു സർക്കാർ നിർദ്ദേശം ഉണ്ടാകുന്നവരെ ഈ നിലയിലുള്ള കൊപ്ര സംഭരണം തുടരേണ്ടതാണ്. താങ്ങുവിലയുടെ പ്രയോജനം യഥാർത്ഥ കർഷകർക്കുമാത്രം ലഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ നടപടികളുമായി പൂർണ്ണമായി സഹകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

അനുബന്ധം IV

(28.6.2000- ലെ 26(981)-ന്റെ ഉത്തരം ദയവായി കാണുക)

കെ.എസ്.എഫ്.ഇ.യുടെ ജില്ലതിരിച്ചുള്ള കണക്ക്

1.	തിരുവനന്തപുരം ജില്ല	- 35 ശാഖകൾ
2.	കൊല്ലം ജില്ല	- 25 ശാഖകൾ
3.	പത്തനംതിട്ട ജില്ല	- 8 ശാഖകൾ
4.	ആലപ്പുഴ ജില്ല	- 15 ശാഖകൾ
5.	കോട്ടയം ജില്ല	- 17 ശാഖകൾ
6.	ഇടുക്കി ജില്ല	- 2 ശാഖകൾ
7.	എറണാകുളം ജില്ല	- 22 ശാഖകൾ
8.	തൃശ്ശൂർ ജില്ല	- 21 ശാഖകൾ
9.	പാലക്കാട് ജില്ല	- 14 ശാഖകൾ
10.	മലപ്പുറം ജില്ല	- 12 ശാഖകൾ
11.	കോഴിക്കോട് ജില്ല	- 16 ശാഖകൾ
12.	വയനാട് ജില്ല	- 4 ശാഖകൾ
13.	കണ്ണൂർ ജില്ല	- 11 ശാഖകൾ
14.	കാസർഗോഡ് ജില്ല	- 2 ശാഖകൾ

LIBRARY ARCHIVES Kerala Legislative Assembly